# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*8 01.12.2014 ൽ മറുപടിക്ക്

## വാഹനാപകടങ്ങളെക്കുറിച്ചുള്ള ഇടക്കാല റിപ്പോർട്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. ഗീതാ ഗോപി:<br>ശ്രീ. വി.എസ്. സുനിൽ കുമാർ:<br>ശ്രീ. ചിറ്റയം ഗോപകുമാർ:<br>ശ്രീ. മുല്ലക്കര രത്നാകരൻ: | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാഹനാപകടങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷന്റെ ഇടക്കാല റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; | (എ) | ലഭിച്ചിട്ടുണ്ട്. |
| (ബി) | ഈ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും ശിപാർശകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | 1. എൻ.എച്ച് - 17, എൻ.എച്ച് - 47 എന്നീ റോഡുകൾ കമ്മീഷൻ പരിശോധിച്ച് 219 അപകടമേഖലകൾ കണ്ടെത്തുകയും, അപകടം ഒഴിവാക്കാൻ വേണ്ടിയുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ജില്ലകളിലെ റോഡ് സുരക്ഷാ കൗൺസിൽ ഇതു സംബന്ധിച്ച് ചർച്ചചെയ്ത് പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കുവാൻ പരിശോധനാ റിപ്പോർട്ടുകൾ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് അപ്പോൾത്തന്നെ അയച്ചുകൊടുത്തിട്ടുമുണ്ട്. ഇനിയും ബാക്കിയുള്ള എൻ.എച്ച് റോഡുകളും സംസ്ഥാന റോഡുകളും, ജില്ലാ റോഡുകളും പരിശോധിക്കാനുണ്ട്. അവ പരിശോധിച്ച ശേഷം അന്തിമ റിപ്പോർട്ടിൽ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതാണ്.<br>2. എൻ.എച്ച് - 17, എൻ.എച്ച് - 47 റോഡുകളിലെ വാഹനങ്ങളുടെ തിരക്ക് ഒരു പരിധിവരെയെങ്കിലും ഒഴിവാക്കുന്നതിനുവേണ്ടി "റോൾ ഓൺ - റോൾ ഓഫ്" സംവിധാനം കേരളത്തിലും നടപ്പാക്കുവാൻ ശിപാർശ |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. ഈ ശിപാർശയിന്മേൽ ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷൻ തന്നെ റെയിൽവേ അധികാരികളുമായി പ്രാരംഭ ചർച്ചകൾ നടത്തിക്കഴിഞ്ഞു.<br>3. നാഷണൽ ഹൈവേ ഒഴികെയുള്ള നഗരങ്ങളിലെ റോഡുകളിൽ തിരക്കേറിയ സ്ഥലങ്ങളിൽ കാൽനടയാത്രക്കാർക്കു വേണ്ടി മേൽപാലങ്ങൾ നിർമ്മിക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br>4. ബി.ഒ.ടി സമ്പ്രദായത്തിൽ പ്രധാന നഗരങ്ങളിൽ പാർക്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ സ്വകാര്യവ്യക്തികൾക്ക് അനുവാദം നൽകുക.<br>5. ആർ.ടി.ഒ ആഫീസുകളിലെ അമിതമായ തിരക്ക് ഒഴിവാക്കാനും സമയബന്ധിതമായി ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാനും വേണ്ടി വാഹനങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് കർശന നിയന്ത്രണങ്ങൾക്ക് വിധേയമായി സ്വകാര്യ സംരംഭകർക്ക് ലൈസൻസ് നൽകുക.<br>ഇവയാണ് ഇടക്കാലറിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും ശിപാർശകളും. |
| (സി) | ഈ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ? | (സി) | കമ്മീഷൻ സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിലെ ശിപാർശകൾ പഠിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ